# ആണവവിമുക്ത ലോകം എന്ന മരീചിക

**ആണവായുധ** നിര്‍വ്യാപനത്തിന് വേണ്ടി കഴിഞ്ഞ മാസം ഒരാഴ്ചക്കുള്ളില്‍ രണ്ട് അന്താരാഷ്ട്ര ഉച്ചകോടികളാണ് നടന്നത്. ഒന്നാമത്തെ ഉച്ചകോടി വാഷിംഗ്ടണില്‍ അമേരിക്ക വിളിച്ചു ചേര്‍ത്തതായിരുന്നു; ഏപ്രില്‍ 12,13 തീയതികളില്‍. രണ്ടാമത്തെ ഉച്ചകോടി ഏപ്രില്‍ 17,18 തീയതികളില്‍ തെഹ്റാനില്‍ ഇറാന്‍ വിളിച്ചുചേര്‍ത്തതും. വിവിധ രാഷ്ട്രത്തലവന്മാരും ഉയര്‍ന്ന ഉദ്യോഗസ്ഥരും ആണവ വിദഗ്ധരും ഇരു സമ്മേളനങ്ങളിലും സംബന്ധിച്ചു. വാഷിംഗ്ടണ്‍ ഉച്ചകോടിയില്‍ ആണവായുധങ്ങള്‍ ഭീകരവാദികളുടെ കൈകളില്‍ എത്തിപ്പെടുമോ എന്ന ആശങ്കയാണ് ഉയര്‍ന്നു കേട്ടത്. തെഹ്റാന്‍ കോണ്‍ഫറന്‍സിലാകട്ടെ, ആണവായുധങ്ങള്‍ മനുഷ്യരാശിയുടെ നിലനില്‍പിന് തന്നെ ഭീഷണിയായതിനാല്‍ അവ ഉന്മൂലനം ചെയ്യുകയാണ് വേണ്ടതെന്ന അഭിപ്രായമാണ് എല്ലാവരും പങ്കുവെച്ചത്. അമേരിക്കന്‍ ഉച്ചകോടിയില്‍, ആണവായുധങ്ങള്‍ വ്യാപിക്കുന്നത് എങ്ങനെ തടയാം എന്നതില്‍ മാത്രമായി ചര്‍ച്ച പരിമിതപ്പെട്ടു. ആണവായുധ വിമുക്ത ലോകം എന്ന ആശയം അമേരിക്കന്‍ പ്രസിഡന്റിന്റെ അജണ്ടയില്‍ ഇല്ലെന്നര്‍ഥം.

വാഷിംഗ്ടണ്‍ ഉച്ചകോടിക്ക് ഏതാനും ദിവസം മുമ്പാണ് അമേരിക്ക അതിന്റെ പുതിയ ആണവനയം പ്രഖ്യാപിച്ചത്. ആണവായുധം കൈവശം വെക്കാന്‍ അമേരിക്കക്ക് അവകാശമുണ്ടെന്ന് മാത്രമല്ല, വളരെ അനിവാര്യമായി വന്നാല്‍ പ്രയോഗിക്കുമെന്ന് വരെ അതില്‍ വ്യക്തമാക്കിയിരുന്നു. ഉച്ചകോടിക്ക് തൊട്ടുമുമ്പുണ്ടായ മറ്റൊരു സംഭവം, അമേരിക്കയും റഷ്യയും ഒപ്പ് വെച്ച ഒരു ആണവ നിര്‍വ്യാപന കരാറാണ്. ആണവായുധങ്ങള്‍ കുറക്കുമെന്നാണ് അതില്‍ പറഞ്ഞിരിക്കുന്നത്. ആണവായുധങ്ങള്‍ വര്‍ധിക്കുന്നതില്‍ തങ്ങള്‍ക്ക് വല്ലാത്ത ആശങ്കയുണ്ടെന്ന് മറ്റുള്ളവരെ ബോധ്യപ്പെടുത്താനുള്ള ശ്രമമായിരുന്നു അത്. അതേസമയം, ഇത്തരം കരാറുകള്‍ ഒപ്പ് വെക്കുന്നത് 'അമേരിക്കന്‍ സുരക്ഷ'ക്ക് വേണ്ടിയാണെന്ന് ഉത്തരവാദപ്പെട്ടവര്‍ ഇടക്കിടെ പറഞ്ഞുകൊണ്ടുമിരുന്നു. ഉച്ചകോടികൊണ്ടും നിര്‍വ്യാപന കരാര്‍ കൊണ്ടും അവര്‍ ഉദ്ദേശിക്കുന്നതും അതായിരിക്കാം.

വാഷിംഗ്ടണ്‍ ഉച്ചകോടിയിലേക്ക് ഇറാനെയും വടക്കന്‍ കൊറിയയെയും ക്ഷണിച്ചിരുന്നില്ല. അതിനാല്‍ തെഹ്റാനിലേത് ഒരു ബദല്‍ ഉച്ചകോടിയായിരുന്നുവെന്ന് പറയാം. ഇറാനിലെ പരമോന്നത ആത്മീയ നേതാവ് ആയത്തുല്ല ഖാംനഈ ഉച്ചകോടിക്ക് നല്‍കിയ സന്ദേശത്തില്‍, ആണവായുധങ്ങള്‍ നിര്‍മിക്കുന്നത് നിയമവിരുദ്ധമാണെന്ന് ചൂണ്ടിക്കാട്ടി. ഇറാന്‍ ആണവായുധങ്ങള്‍ വികസിപ്പിച്ചെടുക്കില്ലെന്നും അദ്ദേഹം ഉറപ്പ് നല്‍കി. ഇറാനിയന്‍ പ്രസിഡന്റ് അഹ്മദീ നിജാദ് പറഞ്ഞു: "ആണവായുധങ്ങള്‍ മനുഷ്യന്റെ നിലനില്‍പിന് ഭീഷണിയാണ്. അതിനാല്‍ അവ പൂര്‍ണമായി നശിപ്പിക്കപ്പെടണം. അക്രമികളുടെ കൈകളില്‍ ഇതെത്തിപ്പെട്ടാല്‍ എന്താവും എന്നാണ് ചിലരുടെ ആശങ്ക. അമേരിക്ക തന്നെയാണ് ഈ അക്രമികളില്‍ ഒന്നാമന്‍ എന്ന് മനസ്സിലാക്കണം. അവരാണ് അണുബോംബ് ജപ്പാന്‍ നഗരങ്ങളില്‍ വര്‍ഷിച്ചത്. ഇതുപോലെ മാരകമായ പല ആയുധങ്ങളും അമേരിക്ക ഇപ്പോഴും പ്രയോഗിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു." അമേരിക്കന്‍ ഭാഷ്യത്തെയും നിലപാടുകളിലെ ഇരട്ടത്താപ്പിനെയും തുറന്നു കാണിക്കുന്നതില്‍ തെഹ്റാന്‍ ഉച്ചകോടി ഏറെക്കുറെ വിജയിച്ചിട്ടുണ്ടെന്നാണ് വിലയിരുത്തല്‍. അതിനാല്‍ ഈ വിഷയം ചര്‍ച്ച ചെയ്യാന്‍ അടുത്ത വര്‍ഷം വിപുലമായ ഒരു സമ്മേളനം വിളിക്കാനും ഇറാന്‍ തീരുമാനിച്ചിട്ടുണ്ട്.

കാര്യമായ ഒരു തീരുമാനവുമെടുക്കാനാവാതെ പിരിയുകയായിരുന്നു വാഷിംഗ്ടണില്‍ നടന്ന ഉച്ചകോടി. ഒരു സാങ്കല്‍പിക പ്രശ്നം ചര്‍ച്ച ചെയ്യാന്‍ വിളിച്ചു ചേര്‍ത്തതുകൊണ്ടാണ് ഉച്ചകോടി പരാജയപ്പെട്ടതെന്നാണ് പ്രശസ്ത ഫലസ്തീനിയന്‍ രാഷ്ട്രീയ നിരീക്ഷകന്‍ മുനീര്‍

ശഫീഖിന്റെ അഭിപ്രായം. ആണവായുധമെങ്ങാൻ തീവ്രവാദികളുടെ കൈകകളിലെത്തിയാൽ...... ഇതായിരുന്നു ചർച്ചാ വഷയം. പത്തു കൊല്ലമെങ്കിലുമായി ഈ ആശങ്ക നാം നിരന്തരമായി കേട്ടുകൊണ്ടിരിക്കുന്നു. ഇന്നുവരെ ഏതെങ്കിലും തീവ്രവാദിയുടെ കൈയിൽ അത് എത്തിയ തായി ഒരു സൂചനയുമില്ല. സംഭവിച്ചിട്ടില്ലാത്ത ഒരു കാര്യത്തെച്ചൊല്ലിയാണ് ബഹളമത്രയും. അതേസമയം കണ്ടമാനം ആണവായുധങ്ങൾ സ്വന്തമാക്കി വെച്ചിട്ടുള്ള ഇസ്രയേൽ പോലുള്ള ഭീകര രാഷ്ട്രങ്ങൾ അത് പ്രയോഗിച്ചേക്കുമെന്ന ആശങ്ക ശക്തമാണ്. കൺമുമ്പിലുള്ള ഈ യഥാർഥ ഭീഷണിയെക്കുറിച്ച് അമേരിക്കക്ക് ഒന്നും പറയാനില്ല. ഈ ഇരട്ടത്താപ്പ് തുടരുന്നേട ത്തോളം കാലം ലോകം ആണവായുധ ഭീഷണിയുടെ നിഴലിൽ തന്നെയായിരിക്കും. ആണ വായുധ രാഷ്ട്രങ്ങളിൽ പാകിസ്താൻ മാത്രമായിരുന്നു അമേരിക്കയുടെ ഉന്നമെന്നും അതു കൊണ്ടാണ് ഒരു സാങ്കൽപിക പ്രശ്നത്തിൽ ചർച്ച കിടന്ന് കറങ്ങിയതെന്നും കൂടി മുനീർ ശഫീഖ് പറയുന്നുണ്ട്. ഒട്ടും ആത്മാർഥതയില്ലാത്ത ഇത്തരം കപടമായ കാട്ടിക്കൂട്ടലുകൾ മാത്ര മാണ് ആണവ പ്രശ്നത്തിൽ കാണാനുള്ളത്. ആണവ ദുരന്തത്തിന് കാതോർക്കുകയല്ലാതെ, ആണവ വിമുക്ത ലോകം സ്വപ്നം കണ്ടിട്ടെന്തു കാര്യം? ■